NISH ONLINE INTERACTIVE DISABILITY AWARENESS SEMINAR- NIDAS

Date: 15/10/16

# TITLE: ഭിന്നശേഷിക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും

Vocational Paper Series No: 12 Vol: 2016/12

40%ൽ കുറയാതെ വൈകല്യമുണ്ടെന്നു മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തുന്ന വിഭാഗത്തിൽപ്പെടുന്നവരെ ഈ ആക്റ്റ് പ്രകാരം വൈകല്യമുള്ളവരായി കണക്കാക്കുന്നത്.

വൈകല്യമുള്ളവർക്കായി ഇന്ത്യയിലെ നിയമനിർമാണം

1. 1987–ലെ മാനസികാരോഗ്യ നിയമം.
2. 1992–ലെ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്റ്റ്.
3. 1995–ലെ വികലാംഗ (തുല്യ അവസരത്തിനും അവകാശ സംരക്ഷണത്തിനും പൂർണ്ണ പങ്കാളിത്തത്തിനും) ആക്റ്റ്.
4. 1999–ലെ നാഷണൽ ട്രസ്റ്റ് ആക്റ്റ്.

**റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആശ്റ്റ് (1992)**

- വികലാംഗ പുനരധിവാസ രംഗത്തുള്ള സ്ഥാപനങ്ങൾ, വിദഗ്ധർ, പരിശീലനങ്ങൾ, വ്യക്തികൾ തുടങ്ങിയവ ഇതിന്റെ പരിധിയിൽപ്പെടുന്നു.
- ഡിസബിലിറ്റി സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും
- കേന്ദ്ര, സംസ്ഥാന, അർദ്ധസർക്കാർ, പൊതു മേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ആനുകൂല്യങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്.

**ആവശ്യമായ രേഖകൾ**

- അപേക്ഷ ഫോറം
- പാസ്പോർട്ട് സൈസ് ഫോട്ടോ
- ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്
- ജനന സർട്ടിഫിക്കറ്റിന്റെ കോപ്പി

**യോഗ്യത മാനദണ്ഡം**

- 40%മോ അതിലധികമോ വൈകല്യം (1995 ആക്റ്റ്)

**ഏജൻസികൾ (കേരളസർക്കാർ)**

- സാമൂഹ്യനീതിവകുപ്പ്
- തദ്ദേശസ്വയംഭരണവകുപ്പ്
- കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ

- സ്റ്റേറ്റ് ഇൻഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ്
- സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ്
- കേന്ദ്രസർക്കാറിന്റെ പരിധിയിൽ വരുന്നവ
- സോഷ്യൽ ജസ്റ്റിസ് ആൻഡ് എംപവർമെൻറ്
- നാഷണൽ ഹാൻഡികാപ്ഡ് ഫിനാൻസ് ഡെവലപ്മെൻറ് കോർപറേഷൻ കേരള സർക്കാറിന്റെ ആനുകൂല്യങ്ങൾ

**കേരള-സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ**

- അംഗ വൈകല്യമുള്ളവർക്ക് സഹായ ഉപകരണങ്ങളുടെ വിതരണം
- ആധുനിക ഉപകരണങ്ങളുടെ വിതരണം
- സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം
- പുതിയ സ്കൂട്ടറിൽ സൈഡ്‌വീലിനു സബ്സിഡി.

## സാമൂഹ്യനീതിവകുപ്പിന്റെ പദ്ധതികൾ

**ആശ്വാസകിരണം പദ്ധതി**

- ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ള കിടപ്പിലായ മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരെ പരിചരിക്കുന്നുവർക്ക് പ്രതിമാസ ധനസഹായം 525/ രൂപ
- കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ കോർപറേഷൻ പ്രദേശത്ത് 22,375 രൂപ
- പഞ്ചായത്തുകളിൽ 20,000 രൂപ

**ശ്രുതിതരംഗം കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി**

- 5 വയസ്സുവരെ പ്രായമുള്ള ഇരുചെവിയിലും തീവ്രമായ കേൾവിക്കുറവുള്ള 80%-100% വരെയുള്ള കുട്ടികൾക്ക്

**കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി**

- സൗജന്യവും കുടുംബ വാർഷിക വരുമാനം 2-ലക്ഷം രൂപ വരെ

**ഇളവുകൾ, അവകാശങ്ങൾ, നിയമസംരക്ഷണം**

**എസ്.എസ്.എൽ.സി പരീക്ഷ എഴുതുമ്പോഴുള്ള ആനുകൂല്യങ്ങൾ**

**കാഴ്ചക്കുറവുള്ളവർക്ക്**

- മണിക്കൂറിന് പത്ത് മിനിട്ട് അധികസമയം
- ചിത്രം, വര, ഗ്രാഫ് തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം എഴുതേണ്ടതില്ല
- ബ്രെയിൽ ലിപിയിൽ ഉത്തരം എഴുതാനുള്ള അനുവാദം

- സഹായിയുടെ (സ്ക്രൈബ്) സേവനം
- പ്രത്യേക സാഹചര്യങ്ങളിൽ കണക്ക് വിഷയങ്ങൾ ഒഴിവാക്കുന്നതാണ്

**കേൾവിക്കുറവുള്ളവർ/ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക്**

- മണിക്കൂറിന് പത്ത് മിനിട്ട് അധികസമയം
- സഹായിയുടെ(സ്ക്രൈബ്) സേവനം
- 25% ഗ്രേസ് മാർക്ക്
- മലയാളം/ഇംഗ്ലീഷ് കൂടാതെ ഹിന്ദി എന്നീ ഭാഷകൾ ഒഴിവാക്കാനുള്ള അനുവാദം. പകരം ഹോർട്ടികൾച്ചർ, പാചകം, കമ്പ്യൂട്ടർ, ചിത്രകല/ഡ്രോയിങ് എന്നിവയിലൊന്ന് വിദ്യാർത്ഥി തിരഞ്ഞെടുക്കേണ്ടതാണ്
- പ്രത്യേക സാഹചര്യങ്ങളിൽ കണക്ക് വിഷയങ്ങൾ ഒഴിവാക്കുന്നതാണ്

**അസ്ഥിപരമായ പരിമിതികളുള്ളവർക്ക്**

- മണിക്കൂറിന് പത്ത് മിനിട്ട് അധികസമയം (കൈസ്വാധീനക്കുറവുള്ളവർക്ക് മാത്രം)
- ചിത്രം, വര, ഗ്രാഫ് എന്നീ മേഖലകളിൽ നിന്ന് വരുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതേണ്ടതില്ല (കൈ സ്വാധീനക്കുറവുള്ളവർക്ക് മാത്രം)
- ആവശ്യമെങ്കിൽ എഴുതാൻ സഹായിയുടെ സേവനം
- ആവശ്യമെങ്കിൽ ഇരിപ്പിട ക്രമീകരണങ്ങളാകാം

**എങ്ങനെ ലഭ്യമാകും?**

മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും വിദ്യാർത്ഥിയും രക്ഷിതാവും ഒപ്പിട്ട അപേക്ഷയും സ്കൂൾ അധികാരികൾക്ക് നൽകേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശയോടെ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് എല്ലാ വർഷവും ഒക്ടോബർ 30നകം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## സർവകലാശാല പരീക്ഷകൾക്ക്

- കേരളസർവകലാശാലയുടെ പരീക്ഷകൾക്ക് ബധിരരായവർക്ക് ലഭിക്കുന്ന മാർക്കിന്റെ 25% ഗ്രേസ്മാർക്കായി ലഭിക്കും.
- എസ്.എസ്.എൽ.സി കഴിഞ്ഞ മുഴുവൻ കുട്ടികൾക്കും കേരളത്തിൽ പ്ലസ്ടു അഡ്മിഷൻ ലഭിക്കും.
- എല്ലാ ഐ.ടി.ഐ.കളിലും ഓരോ സീറ്റ് സംവരണം.

**സാമ്പത്തികസഹായങ്ങൾ, സ്കോളർഷിപ്പുകൾ**

- പുസ്തകം, സ്റ്റേഷനറി, യൂണിഫോം, യാത്ര, എസ്കോർട്ട്, ഹോസ്റ്റൽ, വായനാസഹായി എന്നിവയ്ക്കുള്ള അലവൻസ്

- സഹായ ഉപകരണങ്ങൾ, പഠനോപകരണങ്ങൾ വാങ്ങുന്നതിന്

**മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് (എസ്.എസ്.എ)**

- ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ വൈകല്യവുമായി ബന്ധപ്പെട്ട സർജറിക്ക് പരമാവധി 5000
- വേണ്ടരേഖകൾ, ഡോക്ടറുടെ ഒപ്പുള്ള ബില്ലും വൗച്ചറും

**തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള സ്കോളർഷിപ്പുകൾ**

| ക്രമ നമ്പർ | ക്ലാസ്സ്/ കോഴ്സ് | പ്രതിമാസസ്കോളർഷിപ്പ്/ അലവൻസ് (രൂപ) | | |
|---|---|---|---|---|
| | | ദിവസവും പോയിവരുന്നവർ | ഹോസ്റ്റലിൽ താമസിക്കുന്നവർ | വാർഷിക അലവൻസ് |
| 1 | 1 മുതൽ 4, നഴ്സറി ക്ലാസ്സ് | 300 | | 400 |
| 2 | 5 മുതൽ 8 | 400 | | 500 |
| 3 | 9, 10, 12 | 500 | 800 | 600 |
| 4 | ഡിഗ്രി | 750 | 1250 | 1000 |
| 5 | പി.ജി | 1000 | 1500 | 1500 |
| 6 | തൊഴിലധിഷ്ഠിത പരിശീലനം | 1000 | 1500 | 1500 |
| 7 | അസ്ഥിവൈകൃമുള്ളവർക്ക് യാത്ര അവലവൻസ് | യഥാർത്ഥ ചെലവോ പരമാവധി 150/ യഥാർത്ഥ ചെലവ് | | |

**അവകാശങ്ങളും നിയമസംരക്ഷണവും**

**സാമ്പത്തികസഹായങ്ങൾ**

- സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ഡി.പി.ഐയുടെ ഐ.ഇ.ഡി സെല്ലിൽ നിന്നു ലഭിക്കും
- 1–10 വരെ ക്ലാസ്സിലെ കുട്ടികളുടേത് A .E O., D. E. O മുഖേന ലഭിക്കും
- പ്ലസ്ടു വിഭാഗത്തിന്റെ ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേന ലഭിക്കും

- V.H.S.C യിലെ കുട്ടികളുടേത് അസിസ്റ്റന്റ് ഡയറക്ടർ V.H.S.C മുഖേന ലഭിക്കും
- കറസ്പോണ്ടൻസ് കോഴ്സ് ചെയ്യുന്നവരും സ്കോളർഷിപ്പിനർഹരാണ്
- ഒരു കോഴ്സിന് സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥി മറ്റൊരു കോഴ്സിന് ചേരുകയാണെങ്കിൽ അതിനും സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും
- ഒരു കോഴ്സിന് ഒന്നിലധികം സ്കോളർഷിപ്പ് ലഭിക്കില്ല
- മൊത്ത കുടുംബ വാർഷികവരുമാനം 3–ലക്ഷം രൂപയിൽ കവിയരുത്

**വികലാംഗ പെൻഷൻ**

- 80%–100% വരെ വൈകല്യമുള്ളവർക്കു 1000 രൂപയും 80%–ൽ കുറവുള്ളവർക്കു 800 രൂപയും പ്രതിമാസ പെൻഷൻ ലഭിക്കുന്നു

**യോഗ്യതാ മാനദണ്ഡം**

- രക്ഷകർത്താക്കളുടെ വാർഷിക വരുമാനം 1–ലക്ഷം രൂപയിൽ കവിയരുത്
- സംസ്ഥാനത്തെ സ്ഥിരതാമസക്കാരനായിരിക്കണം

**ആവശ്യമായ രേഖകൾ**

- വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
- താമസക്കാരനാണെന്നു തെളിയിക്കുന്നതിനുള്ള രേഖ
- വരുമാന സർട്ടിഫിക്കറ്റ്
- പാസ്പോർട്ട്സൈസ് ഫോട്ടോ

**യാത്ര ഇളവുകൾ**

<u>തീവണ്ടിയാത്ര</u>

**കാഴ്ചയില്ലാത്തവർക്ക്**

- വൈകല്യമുള്ള വ്യക്തിക്കും ഒരു സഹായിക്കും യാത്രക്കൂലിയുടെ 75% ഇളവ്

**കേൾവിക്കുറവുള്ളവർക്ക്**

- സെക്കൻറ്, സ്ലീപ്പർ, ഫസ്റ്റ് ക്ലാസ് ഇവയിൽ യാത്രക്കൂലിയുടെ 50%
- എം.സ്.ടി./ക്യൂ.സ്.ടി ഇവയിൽ 50%
- ഒരു സഹായിക്കും ഇതേ ക്ലാസ്സിൽ ഇതേ നിരക്കിൽ സൗജന്യം ലഭിക്കുന്നതാണ്

**ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക്**

- സഹായി ഉൾപ്പെടെ തീവണ്ടിയിൽ I AC, II AC ക്ലാസുകളിൽ യാത്രക്കൂലിയുടെ 50% ഉം മറ്റ് ക്ലാസുകളിൽ 75% ഉം ഇളവ്.
- സഹായി നിർബന്ധമാണ്.

**അസ്ഥിപരമായ പരിമിതികളുള്ളവർക്ക്**

- യാത്രക്കൂലിയുടെ 50%  ഒപ്പം സഹായിയ്ക്കും ഇളവുണ്ട്.

**ബസ് യാത്ര**

**ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക്**

- കെ.എസ്.ആർ.ടി.സി.(ഫാസ്റ്റ് പാസഞ്ചർ, ലോക്കൽ) പ്രൈവറ്റ് ബസുകളിലും യാത്രക്കൂലിയുടെ 70% ഇളവുണ്ട്.
- പ്രൈവറ്റ് ബസുകളിൽ യാത്രാ പരിധി 40 കിലോമീറ്ററാണ്

**കേൾവിക്കുറവുള്ളവർക്ക്**

- 40 കി.മീറ്റർ ദൂരം വരെ യാത്രക്കൂലിയുടെ 50%
- പ്രൈവറ്റ് ബസിൽ 40 കി.മീറ്റർ ദൂരം വരെ യാത്രക്കൂലിയുടെ 70%

**കാഴ്ചയില്ലാത്തവർക്ക്**

- കെ.എസ്.ആർ.ടി.സി. (ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി) പ്രൈവറ്റ് ബസുകളിൽ സംസ്ഥാനത്തിനകത്ത് ദൂരപരിധിയില്ല
- എവിടെയും സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്.
- പൂർണ്ണമായും കാഴ്ചയില്ലാത്തവർക്ക് ആജീവനാന്ത പാസ്സ്

**വിമാന യാത്ര**

- കാഴ്ചയില്ലാത്തവർക്ക് യാത്രക്കൂലിയുടെ 50% ഇളവ്

**യാത്ര ഇളവുകൾ**

- ഡിസബിലിറ്റി സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, താമസ സ്ഥലം തെളിയിക്കുന്ന രേഖ

**വിവാഹസഹായം**

- വൈകല്യമുള്ള പെൺകുട്ടികൾക്കും വൈകല്യം നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കും
- വൈകല്യമുള്ള സ്ത്രീകളുടെ രക്ഷാകർത്താക്കളോ യുവതിയോ അപേക്ഷ നൽകണം
- ജീവിതത്തിൽ ഒറ്റത്തവണയേ ലഭിക്കൂ
- വിവാഹ ശേഷമാണ് സഹായം ലഭിക്കുക

**യോഗ്യത മാനദണ്ഡങ്ങൾ**

- ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാകണം
- കുടുംബത്തിന്റെ വാർഷികവരുമാനം 36000 രൂപയിൽ കൂടുതലായിരിക്കരുത്
- അപേക്ഷക രക്ഷകർത്താക്കൾക്കൊപ്പം പാർക്കുന്നയാളായിരിക്കണം
- അപേക്ഷക കേരളത്തിനകത്ത് താമസിക്കുന്നയാളായിരിക്കണം

- വിവാഹ ബന്ധം വേർപെടുത്തിയാലും പുനർവിവാഹത്തിന് അപേക്ഷിക്കാവുന്നതാണ്.
- ഇത്തരം സാഹചര്യത്തിൽ അപേക്ഷക കുടുംബവരുമാനത്തിന്റെയും ജീവനാംശത്തിന്റെയും വിവരങ്ങൾ നൽകണം
- വിവാഹത്തിന് ഒരുമാസം മുൻപേ രക്ഷകർത്താക്കൾ സഹായത്തിനപേക്ഷിക്കേണ്ടതാണ്

**ആവശ്യമായ പ്രമാണങ്ങൾ**

- ബി.പി.എൽ കാർഡ്
- താമസം തെളിയിക്കുന്ന റേഷൻ കാർഡ്
- ഡിസബിലിറ്റി സർട്ടിഫിക്കറ്റ്/തിരിച്ചറിയൽ കാർഡ്
- വില്ലേജോഫീസിൽ നിന്നോ പഞ്ചായത്തിൽ നിന്നോ ലഭിച്ച വരുമാന സർട്ടിഫിക്കറ്റ്
- ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (സ്കൂൾ സർട്ടിഫിക്കറ്റോ സത്യവാങ്മൂലമോ)
- വിവാഹശേഷം 30 ദിവസത്തിനുള്ളിൽ വിവാഹ സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ നൽകണം

**കേന്ദ്രസർക്കാറിന്റെ ആനുകൂല്യങ്ങൾ**

- ഒരു സമയം ഒരു കോഴ്സിന് മാത്രമേ സ്കോളർഷിപ്പനുവദിക്കൂ

**യോഗ്യത**

- മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ ടെക്നിക്കൽ/പ്രഫഷണൽ കോഴ്സുകൾക്ക് കോളേജ് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി/ ബിരുദതലത്തിൽ നേടിയ മാർക്കിന്റെ ശതമാനം കണക്കിലെടുക്കാതെ തന്നെ സ്കോളർഷിപ്പിന് അർഹരായിരിക്കും
- മത്സരപ്പരീക്ഷയുടെ അടിസ്ഥാനത്തിലല്ല പ്രവേശനമെങ്കിൽ ഹയർ സെക്കൻഡറി/ ബിരുദതലത്തിൽ 50%-ൽ കുറയാതെ മാർക്ക് നേടിയിരിക്കണം.

**നാഷണൽ സ്കോളർഷിപ്പ്**

- പ്രീമെട്രിക്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്
- നാഷണൽ ഫെല്ലോഷിപ്പ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ്
- നാഷണൽ ഓവർസീസ് സ്കോളർഷിപ്പ്